361/ലഷ്/19

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-5068/2017/സിഇ/തസ്വഭവ (1)** **തീയതി 04/01/2019**

# സർക്കുലർ

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) - ജനകീയാസൂത്രണ പദ്ധതി 2018-19 - ബഹു. തസ്വഭവ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14.01.2019-ന് തൃശ്ശൂർ ജില്ലയിലുള്ള കില-യിൽ വച്ച് നടത്തുന്ന അവലോകന യോഗം സംബന്ധിച്ച്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളുടെയും, മുൻ വർഷങ്ങളിൽ നിന്നുമുള്ള സ്പിൽ ഓവർ പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി 14.01.2019-ാം തീയതി യോഗം നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി യോഗം തൃശ്ശൂർ ജില്ലയിലുള്ള കില-യിൽ വച്ച് രാവിലെ 11 മണി മുതലാണ് ആരംഭിക്കുന്നത്.

എല്ലാ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളിലെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റികളിലെ എഞ്ചിനീയറിംഗ് വിഭാഗം മേലധികാരികൾ എന്നിവർ കൃത്യമായും പദ്ധതി പുരോഗതി റിപ്പോർട്ട് സഹിതം ടി യോഗത്തിൽ പങ്കെടുത്തിരിക്കണം.

ടി യോഗത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ ജനകീയാസൂത്രണ പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നതിലെ പുരോഗതി, പ്രവൃത്തികളുടെ ടെണ്ടറിംഗ്, Work awarded, work started, work completed, Expenditure എന്നീ വിഷയങ്ങളിലും, കൂടാതെ മുൻ സാമ്പത്തിക വർഷങ്ങളിൽ നിന്നുമുള്ള സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തെ സംബന്ധിക്കുന്ന വിഷയത്തിലും ചർച്ച

(മറുപുറം)

ഉണ്ടാകുന്നതാണ്. ടി യോഗത്തിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം കാര്യാലയങ്ങളിലേയും മേലധികാരികൾ, ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (www.celsgd.kerala.gov.in) പ്രോജക്ട് റിവ്യൂ പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P-1027 & 1036 എന്നീ **ഗൂഗിൾ ഷീറ്റിൽ 05.01.2019-ാം തീയതി 3.00 PM-ന് മുൻപായി വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം.** ടി വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് 14.01.2019-ാം തീയതിയിൽ ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം നടത്തുന്നത്. അതാത് കാര്യാലയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ടി ഗൂഗിൾ ഷീറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്ത് ആയതിന്റെ printed copy സഹിതം യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലെ വിവരങ്ങളുമായി, ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ടി യോഗത്തിൽ ഹാജരാകേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 25